# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.3615

20.10.2016-ൽ
മറുപടിക്ക്

## തിരുവല്ലം സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും വ്യാജ രേഖ ചമച്ച് പണം തട്ടിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) | തിരുവല്ലം സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് ട്രഷറിയിൽ അടക്കാൻ നൽകിയ 53 ലക്ഷം രൂപ വ്യാജ രേഖ ചമച്ച് തട്ടി എടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതു സംബന്ധമായ കേസ് അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | ബി) | കേസ് അന്വേഷണം നടന്നുവരികയാണ്. കേസിൽ ഉൾപ്പെട്ടിട്ടുള്ള 4 പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. |
| സി) | കേസിൽ എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്; കേസന്വേഷണത്തിന്റെ ചുമതല ആർക്കാണ് എന്നു വ്യക്തമാക്കുമോ; | സി) | മൂന്ന് ഓഫീസ് അറ്റന്റർമാരുൾപ്പെടെ നാല് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നിലവിൽ നേമം സർക്കിൾ ഇൻസ്പെക്ടർ ആണ് കേസന്വേഷണത്തിന്റെ ചുമതല വഹിച്ചുവരുന്നത്. |
| ഡി) | സമാന രീതിയിലുള്ള തട്ടിപ്പുകൾ സംസ്ഥാനത്തെ മറ്റ് രജിസ്ട്രാർ ഓഫീസുകളിൽ നടന്നിട്ടുണ്ടോ എന്ന പരിശോധിക്കുമോ; | ഡി) | സമാനരീതിയിലുള്ള തട്ടിപ്പുകൾ വല്ലതും നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ എല്ലാ ജില്ലാ രജിസ്ട്രാർമാരോടും നിർദ്ദേശിച്ചിട്ടുണ്ട്. |
| ഇ) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ? | ഇ) | തിരുവല്ലം സബ് രജിസ്ട്രാർ ആഫീസിലെ റവന്യൂ ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ആഡിറ്റ്)നോടും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പരിശോധന നടത്തി ഇത്തരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടുണ്ടോ |

എന്ന് പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യാൻ എല്ലാ ജില്ലാ രജിസ്ട്രാർമാരോടും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഈ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് വ്യക്തമാക്കിക്കൊണ്ട് ഡയറക്ടർ ജനറൽ ഓഫ് പോലീസിനും, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്കും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ, കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തുന്നതിനും, മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിൽ പരിശോധന നടത്തുന്നതിനും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**